**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3858** **27-06-2024 - ൽ മറുപടിയ്ക്ക്**

**പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റ് കൂത്ത്പറമ്പ് നിന്നും ഡയറി എക്സ്റ്റൻഷൻ ഓഫീസറായി 31.01.2014 ൽ വിരമിച്ച പരേതനായ സ്കറിയ ടി.യു വിന്റെ തടഞ്ഞ് വച്ചിരിക്കുന്ന ഗ്രാറ്റുവിറ്റി വിഹിതവും, പൂർണ്ണതോതിലുള്ള കുടുംബ പെൻഷനും ഭാര്യയായ ശ്രീമതി. സൂസമ്മയ്ക്ക് നാളിതുവരെയായി ക്ഷീരവികസന ഡയറക്ടർ അനുവദിച്ച് നൽകാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | കൂത്തുപറമ്പ് ക്ഷീരവികസന ഓഫീസർ ആയിരിക്കെ, 31/01/2014-ന് സേവനത്തിൽ നിന്നും വിരമിച്ച ശേഷം 14/07/2017 ന് മരണപ്പെട്ട ടി.യു.സ്കറിയ-ക്ക് ചട്ടപ്രകാരം അർഹമായ DCRG ഉൾപ്പെടെയുള്ള പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ക്ഷീരവികസന വകുപ്പ് നടപടി സ്വീകരിച്ചിരുന്നു. ടി.യു.സ്കറിയ ചിറ്റൂർ ക്ഷീരവികസന ഓഫീസർ ആയിരിക്കെ നടത്തിയ സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട്, ടിയാനെതിരെ നടത്തപ്പെട്ട വകുപ്പുതല അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ടിയാന് അനുവദിക്കപ്പെട്ട ആകെ DCRG തുകയായ 3,85,823/-രൂപയിൽ നിന്നും, ടിയാന്റെ വ്യക്തിഗത ബാധ്യതയായി ക്ഷീരവികസന വകുപ്പ് തിട്ടപ്പെടുത്തിയ 1,99,727/- രൂപ കുറവ് ചെയ്ത് ബാക്കി തുക അനുവദിച്ച നൽകുന്നതിലേയ്ക്ക്, വകുപ്പിൽ നിന്നും ബാധ്യതാ സർട്ടിഫിക്കറ്റ് 21.10.2017 ലെ ബി3/3606/2014 നമ്പർ കത്ത് പ്രകാരം ചിറ്റൂർ സബ്ട്രഷറിയ്ക്ക് അയച്ചു കൊടുക്കുകയും ചെയ്തിരുന്നു.<br><br>ടി.യു.സ്കറിയ-ക്ക് പെൻഷൻ അനുവദിച്ച് അക്കൗണ്ടന്റ് ജനറൽ നൽകിയിട്ടുള്ള 111518090 നമ്പർ Pension Payment Order –ൽ ടിയാന്റെ കുടുബ പെൻഷൻ അവകാശിയായി ടിയാന്റെ ഭാര്യ ശ്രീമതി.സൂസമ്മയെ ഉൾപ്പെടുത്തിയിരുന്നു. സേവനത്തിൽ നിന്നും വിരമിച്ച ശേഷം 14/07/2017-ന് ശ്രീ.ടി.യു.സ്കറിയ മരണപ്പെട്ടതിനെത്തുടർന്ന്, തന്റെ പേര് കുടുംബ പെൻഷൻ രേഖകളിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീമതി.സൂസമ്മ 24/07/2017-ന് വകുപ്പിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ ശുപാർശ ചെയ്ത്, യുക്തമായ തുടർനടപടികൾ സ്വീകരിക്കുന്നതിലേയ്ക്ക് 17/08/2017-ലെ ബി3/3606/2016 നമ്പർ കത്ത് പ്രകാരം തിരുവനന്തപുരം അക്കൗണ്ടന്റ് ജനറലിന് |

| | | | |
|---|---|---|---|
| | | | അയച്ചുകൊടുക്കുകയും ചെയ്തിരുന്നു. കുടുംബ പെൻഷൻ അനുവദിക്കുന്നതുമായോ, പെൻഷനുമായി ബന്ധപ്പെട്ട ഏതെങ്കിലും ഇതര ആനുകൂല്യങ്ങൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ടോ ടി.യു.സ്കറിയയുടെ അവകാശികളിൽ നിന്നും പിന്നീട് യാതൊരുവിധ കത്തിടപാടുകളും നാളിതുവരെയായും വകുപ്പിൽ ലഭിച്ചിട്ടില്ല എന്ന് തൽസംബന്ധമായ രേഖകളുടെ പരിശോധനയിൽ വ്യക്തമാകുന്നു. |
| (ബി) | ജീവനക്കാരൻ പെൻഷനായി പത്ത് വർഷവും, മരണപ്പെട്ടിട്ട് 7 വർഷവുമായിട്ടും പെൻഷനർക്കും, കുടുംബത്തിനും അർഹതപ്പെട്ട ആനുകൂല്യം നൽകാതിരുന്നതിന്റെ ഉത്തരവാദികൾ ആരെല്ലാമെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഇവരുടെ അപേക്ഷ പൂഴ്ത്തി വച്ച ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ടി.യു.സ്കറിയ-ക്ക് അനുവദിക്കപ്പെട്ട ആകെ DCRG തുകയായ 3,85,823/-രൂപയിൽ നിന്നും, ടിയാന്റെ വ്യക്തിഗത ബാധ്യതയായി ക്ഷീരവികസന വകുപ്പ് തിട്ടപ്പെടുത്തിയ 1,99,727/- രൂപ കുറവ് ചെയ്ത് ബാക്കി തുക അനുവദിച്ചു നൽകുന്നതിലേയ്ക്ക്, വകുപ്പിൽ നിന്നും ബാധ്യതാ സർട്ടിഫിക്കറ്റ് ട്രഷറിക്ക് അയച്ചുകൊടുത്തിട്ടുണ്ട്.<br><br>ടി.യു.സ്കറിയയുടെ ഭാര്യ ശ്രീമതി.സൂസമ്മ കുടുംബ പെൻഷൻ ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ ശുപാർശ ചെയ്ത്, യുക്തമായ തുടർനടപടികൾ സ്വീകരിക്കുന്നതിലേയ്ക്ക് 17/08/2017-ലെ ബി3/3606/2016 നമ്പർ കത്ത് പ്രകാരം തിരുവനന്തപുരം അക്കൗണ്ടന്റ് ജനറലിന് അയച്ചുകൊടുത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത അപേക്ഷയിൽ തീർപ്പ് കൽപ്പിക്കാതെ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും പെൻഷനർക്ക് അർഹമായ തുകയുടെ ബാങ്ക് പലിശ ഉൾപ്പെടെ ഈടാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ടി.യു.സ്കറിയ-ക്ക് അർഹതപ്പെട്ട DCRG തുക അനുവദിക്കുന്നതിന് വകുപ്പിൽ നിന്ന് ബാധ്യത സർട്ടിഫിക്കറ്റ് 21.10.2017 ലെ കത്ത് പ്രകാരം ചിറ്റൂർ സബ്ട്രഷറിയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. പരേതന്റെ അവകാശികൾക്ക് കുടുംബ പെൻഷന് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ ശുപാർശ ചെയ്ത്, യുക്തമായ തുടർനടപടികൾ സ്വീകരിക്കുന്നതിലേയ്ക്ക് 17/08/2017-ലെ കത്ത് പ്രകാരം തിരുവനന്തപുരം അക്കൗണ്ടന്റ് ജനറലിന് അയച്ചുകൊടുത്തിട്ടുണ്ട്. |
| (ഡി) | ദുരിതത്തിലും സാമ്പത്തിക പ്രയാസത്തിലും കഴിയുന്ന പ്രസ്തുത കുടുംബത്തിന്റെ അവസ്ഥ കണക്കിലെടുത്ത് കുടുംബപെൻഷൻ ഉൾപ്പെടെ മുഴുവൻ ആനുകൂല്യങ്ങളും നൽകുന്നതിനുള്ള നടപടിയും അതിൽ വീഴ്ച വരുത്തിയവർക്കെതിരെയുള്ള നടപടിയും അടിയന്തരമായി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | പ്രതിപാദ്യ വിഷയം സംബന്ധിച്ച് ടി.യു.സ്കറിയ -യുടെ അവകാശികൾക്ക് ആവലാതികൾ ഉള്ള പക്ഷം, തൽസംബ ന്ധമായ അപേക്ഷ, ബന്ധപ്പെട്ട വിശദാംശങ്ങളും രേഖകളും സഹിതം വകുപ്പിൽ സമർപ്പിക്കുന്ന പക്ഷം, പ്രസ്തുത അപേക്ഷ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ